നം.കെ.എസ്.എ./ഐ.ഡി.കെ-8/1212/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 29.08.2017

## ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**************************

ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.09.2016 മുതൽ 05.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2017 മുതൽ 11.08.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ധനജയൻ റ്റി. എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ് ആർ. | സീനി. ഗ്രേഡ് ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ആൻസി ജെയിംസ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. എം. പി. ശശികുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീമതി. നസീമ എ. എം | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. സെക്രട്ടറി | ശ്രീ. എസ്.എൽ.അനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലിനറ്റ് ജോർജ് | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബിന്ദു ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. ജോസഫ് തോമസ് | 01.04.2016 മുതൽ 25.08.2016 വരെ |
| | ശ്രീ. എൽദോസ് പോൾ | 26.08.2016 മുതൽ 30.08.2016 വരെ |
| | | 08.11.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി. ഷീജ കെ. ജി | 01.09.2016 മുതൽ 07.11.2016 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. പാർത്ഥിപൻ പി. | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോശാമണി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. അജേഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ. കെ. കെ. ജീന | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 13 | ഉപയോഗപ്രദമല്ലാത്ത ബൊലെറോ ജീപ്പ് ലേലം ചെയ്ത് ഫണ്ടിൽ കൂട്ടിയിട്ടില്ല | 2-1 |
| 14 | വസ്തുനികുതി കണക്കുകളിലെ അപാകതകൾ | 2-2 |
| 15 | വാടക പിരിക്കുന്നില്ല | 2-3 |
| 16 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17 | വസ്തുനികുതി പിരിവിൽ ഉദാസീനത – വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 2-5 |
| 18 | രസീത്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല | 2-6 |
| 19 | രണ്ടു മാസ ഇടവേളയിൽ ബഹുനില മന്ദിരത്തിന് നിർമ്മാണ പെർമിറ്റും ഒക്യുപൻസിയും | 2-7 |
| 20 | ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചിരിക്കുന്നു | 2-8 |
| 21 | ആബുലൻസ് - വരവ് ചെലവു കണക്കുകൾ ലഭ്യമല്ല | 2-9 |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി വിവാഹ ധനസഹായം നൽകിയത് സംബന്ധിച്ച് – നഷ്ടം ₹50,000/- | 3-1 |
| 23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ അധിക തുക നൽകിയത് – നഷ്ടം ₹10,000/- – തടസ്സം ₹1,51,000/- | 3-2 |
| 24 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ക്ലാർക്കിനെ അനുവദിച്ചത് – അംഗീകരിക്കുന്നില്ല | 3-3 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ – അപാകതകൾ | 3-4 |
| 26 | അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ അധിക നിരക്ക് വരുന്ന ഇനം ഉൾപ്പെടുത്തി നടപ്പാക്കിയിരിക്കുന്നു | 3-5 |
| 27 | വിവിധ പദ്ധതികളിലെ ഫർണിച്ചർ വാങ്ങൽ –പദ്ധതികളിലെ അപാകതകൾ | 3-6 |
| 28 | മഴക്കാല പൂർവ്വ ശുചീകരണ രേഖകൾ ഹാജരാക്കിയില്ല | 3-7 |

| | | |
|---|---|---|
| 29 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് | 3-8 |
| 30 | തെരുവ് വിളക്കുകൾ സംബന്ധിച്ച് | 3-9 |
| 31 | രേഖകൾ ഹാജരാക്കിയില്ല | 3-10 |
| 32 | മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല | 3-11 |
| 33 | ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ലു കുപ്പി വിതരണം ചെയ്തില്ല | 3-12 |
| 34 | ജവഹർ ഭവന പദ്ധതി – അപാകതകൾ | 3-13 |
| 35 | ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു | 3-14 |
| 36 | പി.എച്ച്.സി. - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-15 |
| 37 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ – മരുന്ന് ലഭിച്ചില്ല | 3-16 |
| 38 | പദ്ധതി പണം ചെലവഴിക്കുന്നതിലെ അസി. എഞ്ചിനീയറുടെ ഉദാസീനത | 3-17 |
| | ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം I |

*******************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.03.2016 തീയതിയിലെ നമ്പർ 1 തീരുമാനപ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ₹28,09,28,600/- മുന്നിരിപ്പ് (ഉൾപ്പെടെ) ചെലവ് ₹3,18,15,000/- നീക്കിയിരിപ്പ് ₹24,91,13,600/-യായും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.11.2016 തീയതിയിലെ നമ്പർ 1 തീരുമാന പ്രകാരം വരവ് മുന്നിരിപ്പ് ഉൾപ്പെടെ ₹31,45,20,279/-യും ചെലവ് ₹29,49,20,610/-യും നീക്കിയിരിപ്പ് ₹19,59,969/-യായും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 08.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5,79,66,943.70 |
| വരവ് | ₹14,25,91,761.00 |
| ആകെ | ₹20,05,58,804.70 |
| ചെലവ് | ₹14,02,13,137.00 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹60345667.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട് മെന്റ് ₹ | മുൻ ബാക്കി | അലോട്ട്മെന്റ് പ്രകാരം വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി യിരിപ്പ് ₹ | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക ₹ |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 4,63,01,215 | 0 | 4,63,01,215 | 4,63,01,215 | 3,10,95,334 | 0 | 67.15 | 1,52,05,881 |
| വികസനഫണ്ട് – എസ്.സി.പി. | 1,39,63,131 | 0 | 1,39,63,131 | 1,39,63,131 | 1,08,98,190 | 0 | 78.04 | 30,64,941 |
| വികസനഫണ്ട് – ടി.എസ്.പി. | 51,91,726 | 0 | 51,91,726 | 51,91,726 | 51,91,726 | 0 | 100 | - |
| സംരക്ഷണഗ്രാന്റ് – റോഡ് | 1,09,14,966 | 0 | 1,09,14,966 | 1,09,14,966 | 32,28,447 | 0 | 29.58 | 76,86,519 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 57,41,589 | 0 | 57,41,589 | 57,41,589 | 44,37,789 | 0 | 77.29 | 13,03,800 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,59,65,634 | 0 | 2,59,65,634 | 2,59,65,634 | 1,30,09,750 | 0 | 50.10 | 1,29,55,884 |
| പെർഫോമൻസ് ഗ്രാന്റ് | 1,47,25,399 | 0 | 1,47,25,399 | 1,47,25,399 | 30,89,097 | 0 | 20.97 | 1,16,36,302 |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | - | 4130 | 1,89,78,922 | 1,89,83,052 | 1,89,81,570 | 1482 | 99.99 | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ബി-ഫണ്ട് | - | 0 | 1,09,10,530 | 1,09,10,530 | 1,09,10,530 | 100 | 100 | - |

## 1-6 പദ്ധതി അവലോകനം.

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 330 | 24,64,33,303 | 174 | 8,18,30,341 | - | 156 | 52.73 |

ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പാക്കിയ പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 2,67,18,969 | 21 | 1,62,47,569 | 60.80 |
| അസി. എൻജിനീയർ | 216 | 12,67,24,639 | 84 | 2,28,97,774 | 18 |
| കൃഷി ഓഫീസർ | 11 | 1,15,44,999 | 7 | 37,52,780 | 32.51 |
| അസി. സെക്രട്ടറി | 21 | 2,19,03,426 | 19 | 1,16,27,212 | 53.08 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 10 | 75,99,568 | 10 | 70,76,640 | 93.12 |
| വെറ്ററിനറി സർജൻ | 10 | 50,39,881 | 9 | 31,03,064 | 61.57 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 14,00,000 | 4 | 14,00,000 | 100 |
| വി.ഇ.ഒ. | 10 | 3,60,40,000 | 7 | 81,57,500 | 22.63 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14 | 91,61,821 | 11 | 72,67,802 | 79.32 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.എസ്. | 2 | 3,00,000 | 2 | 3,00,000 | 100 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.39 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2,39,60,621 | 2,01,78,842 | (-)37,81,779 | (-)15.78 |
| നികുതിയേതര വരവുകൾ | 11,11,781 | 46,95,635 | 35,83,854 | 322.35 |
| മറ്റ് വരവുകൾ | 10,19,962 | 11,14,970 | 95,008 | 9.31 |
| ആകെ | 2,60,92,364 | 2,59,89,447 | (-)1,02,917 | (-)0.39 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44,880 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 4,04,450 | 152 |
| വിധവാപെൻഷൻ | 34,08,850 | 1216 |
| വാർദ്ധക്യകാലപെൻഷൻ | 62,48,550 | 2333 |
| വികലാംഗപെൻഷൻ | 7,43,800 | 258 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള | 60,000 | 8 |

| | | |
|---|---|---|
| പെൻഷൻ | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,422/-യുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽശ്രദ്ധ ചെലുത്തുന്നില്ല. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു.ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

20 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2017 & 27.07.2017 | 6/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2016 | 2010-2011 & 2014-2015 | 03.10.2016 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

3. വാടക ഇനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4. ട്രഷറി ടി. എസ്. ബി. അക്കൗണ്ട്, ട്രഷറി വി. പി. എഫ്. എ. അക്കൗണ്ട് എന്നിവയുടെ പാസ്സ് ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷന്റെ കൃത്യത പരിശോധിക്കാനായില്ല.

5 വസ്തുനികുതി, നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡി.സി.ബി, സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

*******************

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഉപയോഗപ്രദമല്ലാത്ത ബൊലെറോ ജീപ്പ് ലേലം ചെയ്ത് ഫണ്ടിൽ കൂട്ടിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള KL-37/7575 നമ്പർ ഓഫീസ് വാഹനമായ ബൊലേറോ ജീപ്പ് കാലപ്പഴക്കം കൊണ്ട് ഉപയോഗയോഗ്യമല്ലാത്തതിനാൽ 13.06.2016ലെ 16(8) നമ്പർ തീരുമാന പ്രകാരം ലേലം ചെയ്യുവാൻ തീരുമാനിച്ചെങ്കിലും നാളിതുവരെയായും ലേലം ചെയ്ത് ഫണ്ടിൽ കൂട്ടിയിട്ടില്ല. കാലപ്പഴക്കത്താൽ മൂല്യം കുറഞ്ഞ് പോകുമെന്നതിനാൽ ലേലം

ചെയ്ത് ഫണ്ടിൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി കണക്കുകളിലെ അപാകതകൾ

1. 2016-17 വർഷത്തെ സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക കണക്കിലെ വസ്തു നികുതി കുടിശ്ശിക 2016-17 വർഷത്തെ സഞ്ചയ അടിസ്ഥാനമാക്കിയുള്ള വസ്തുനികുതി കുടിശ്ശികഎന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | സഞ്ചയ പ്രകാരമുള്ള വസ്തു നികുതി | വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി | | വ്യത്യാസം |
|---|---|---|---|---|
| Residential building Current | 11662947 | 3127976 | 10033798 | 1629149 |
| Non Residential building Current | | 6905822 | | |
| Residential building Arrear | 22403601 | 7592303 | 10828949 | 11574652 |
| Non Residential Building Arrear | | 3236646 | | |

1. 2016-17 വർഷം സഞ്ചയ സാംഖ്യ എന്നിവയിലെ വസ്തുനികുതി ഡിമാന്റിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു.

| സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് | സാംഖ്യ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ് | വ്യത്യാസം |
|---|---|---|
| ₹4,82,98,300/- | ₹1,95,89,226/- | 28709074 |

2. 2014-15 വർഷം മുതൽ സഞ്ചയ സാംഖ്യ എന്നിവയിലെ റിസീവബിൾ തുകയിലുണ്ടായ വ്യത്യാസം ചുവടെ ചേർക്കുന്നു (ബുക്ക് അഡ്ജസ്റ്റ്മെന്റ് ഒഴികെ).

3.

| വർഷം | സഞ്ചയ പ്രകാരമുള്ള കളക്ഷൻ ₹ | സാംഖ്യ പ്രകാരമുള്ള കളക്ഷൻ ₹ | വ്യത്യാസം ₹ |
|---|---|---|---|

| | | | |
|---|---|---|---|
| 2014-15 | 75,49,157 | 1,39,01,393 | 63,52,236 |
| 2015-16 | 2,19,13,928 | 1,84,87,177 | 34,6,751 |
| 2016-17 | 1,63,05,141 | 1,55,01,814 | 8,03,327 |

## 2-3 വാടക പിരിക്കുന്നില്ല

പഞ്ചായത്ത് വക അട്ടപ്പള്ളത്തുള്ള ഷട്ടറിട്ട ഏഴ് കടമുറികളിൽ നമ്പർ 7 കടമുറിയിൽ പോസ്റ്റ് ഓഫീസ് 7/15 മുതൽ പ്രവർത്തിക്കുന്നുണ്ട്. ടൗൺ ഷോപ്പിംഗ് കോപ്ളക്സിലെ 5 മുറികളിൽ 5ാം നമ്പർ കടമുറി ടൂറിസം പോലീസിന് 10/15 മുതൽ ഉപയോഗിക്കുവാൻ കൊടുത്തിട്ടുണ്ട്. പ്രസ്തുത മുറികൾക്ക് വാടക ഈടാക്കാതെയാണ് നൽകിയിരിക്കുന്നത്. ആയതിന്റെ വാടക നിശ്ചയിച്ച് കുടിശ്ശികസഹിതം ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വിശദ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.3 മറുപടി ലഭിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെയും അനുബന്ധ കെട്ടിടങ്ങളുടെയും വസ്തുനികുതി കാലഹരണപ്പെട്ട് പോകാതെ ഈടാക്കേണ്ടതാണ്.

## 2-5 വസ്തുനികുതി പിരിവിൽ ഉദാസീനത - വൻ തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

2016-17 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നത് ₹2,08,62,747/-യാണ്. വസ്തുനികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കൃത്യമായ രേഖകളുടെയും ഫീൽഡ് പ്രവർത്തനങ്ങളുടെയും അഭാവം വൻതുക തനതുവരുമാനത്തിൽ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയും ഭരണ വകുപ്പും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 രണ്ട് മാസ ഇടവേളയിൽ ബഹുനില മന്ദിരത്തിന് നിർമ്മാണ പെർമിറ്റും ഒക്യുപൻസിയും

പി. എ. ആസാദ്, പി. എ. അബ്രാഹം എന്നിവരുടെ ഉടമസ്ഥതയിൽ, ലഭ്യമാക്കിയ പ്ലാൻ പ്രകാരം, ഭൂനിരപ്പിന് മുകളിൽ നിലവിൽ നാല് നിലകളുള്ള പ്രധാന കെട്ടിടത്തിന് അനുബന്ധ കെട്ടിടം നിർമ്മിക്കുന്നതിന് 25.05.2016-ലെ B3-156/3076/2015-16 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നല്കിയിരുന്നു. 411m2 വിസ്തീർണമുള്ള പ്രസ്തുത കൂട്ടിച്ചേർക്കലിന് പെർമിറ്റ് ഫീസായി ₹2055/-(411x5) ഈടാക്കിയിട്ടുണ്ട്.

പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും മേൽ സൂചിത പെർമിറ്റിന്റെ പകർപ്പും മറ്റ് അനുബന്ധ രേഖകളും സഹിതം രണ്ട് മാസത്തിന് ശേഷം 30-07-2016-ന് ഒക്യുപൻസിയ്ക്ക് അപേക്ഷിച്ചപ്പോൾ വസ്തുനികുതി നിർണയിച്ച്

നമ്പറുകൾ അനുവദിച്ച്(10/863,864) ഒക്യുപൻസി നല്കിയിരിക്കുന്നതായി കാണുന്നു.

കേരളത്തിൽ, പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ, നിലവിൽ ലഭ്യമായ യന്ത്ര-മാനവ ശേഷി ഉപയോഗിച്ച് 411m2 വിസ്തീർണമുള്ള ഇരുനിലമന്ദിരം പെർമിറ്റ് ലഭിച്ചതിന് ശേഷം നിർമ്മാണം തുടങ്ങി രണ്ടു മാസം കൊണ്ട് അതിവേഗം പൂർത്തീകരിച്ചുവെന്നത് അംഗീകരിക്കാനാവുന്നതല്ല. ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് സന്ദർശിച്ചപ്പോൾ, ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ഒക്യുപൻസി നല്കാവുന്ന വിധത്തിൽ, നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.06.2013-ലെ 32131/ആർ.എ.1/2012/തസ്വഭവ. നമ്പർ സർക്കുലറിൽ, നിർമ്മാണം പൂർത്തിയായി നികുതി നിർണയത്തിന് വേണ്ടി ലഭിക്കുന്ന എല്ലാ അപേക്ഷകളും അസി. എഞ്ചിനീയർക്ക് കൈമാറി സാങ്കേതിക ഉപദേശം സ്വീകരിച്ചതിന് ശേഷം മാത്രമേ ഒക്യുപൻസി നല്കാവൂ എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലിച്ചിട്ടില്ല. സാങ്കേതികോപദേശം സ്വീകരിക്കാതെയും ഭൗതിക പരിശോധന നടത്താതെയും പൂർത്തിയാകാത്ത നിർമ്മാണത്തിന്, നമ്പരിട്ട് ഒക്യുപൻസി നല്കിയത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരവീഴ്ചയാണ്.

മേൽ സൂചിത ഒക്യുപൻസി നല്കിയതിന് ശേഷം, 476.06m2 വിസ്തീർണമുള്ള പുതിയൊരു വിപുലീകരണത്തിന് 25-02-2017-ൽ B5-78/10760/16-17 എന്ന നമ്പരിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്ലാനിൽ നിലവിലുള്ള പ്രധാന കെട്ടിടത്തിന് ഭൂനിരപ്പിൽ മുകളിൽ നാല് നിലകൾ മാത്രമുള്ളതായിട്ടാണ് കാണിക്കുന്നത്. യഥാർത്ഥത്തിൽ അഞ്ച് നിലകളുണ്ടെന്ന് നേരിട്ടു പരിശോധനയിൽ ബോദ്ധ്യപ്പെട്ടു (ചിത്രങ്ങൾ കാണുക).




പ്രസ്തുത നിർമ്മാണത്തെ/വിപുലീകരണത്തെ സാധൂകരിക്കുന്ന, നിർമ്മാണ പെർമിറ്റ് അടക്കമുള്ള, യാതൊരു രേഖകളും പഞ്ചായത്തിലോ സ്ഥാപനത്തിലോ ഇല്ലാത്തതിനാൽ സൂചിത നിർമ്മാണം അനധികൃതമാണെന്ന് വ്യക്തമാണ്. ഒക്യുപൻസി നല്കിയപ്പോൾ സെക്രട്ടറിയോ പുതിയ പെർമിറ്റ് നല്കിയ വേളയിൽ അസി.എഞ്ചിനീയറോ ഈ അധിക നിർമ്മാണത്തെ ചൂണ്ടിക്കാണിക്കാണിച്ചില്ലായെന്നത് ഗുരുതരവീഴ്ചയാണ്. അഞ്ച് നിലകളുള്ള കെട്ടിടത്തിന്റെ നിലവിലുള്ള ആകെ പ്ലിന്ത് ഏരിയാ, പ്ലാൻ പ്രകാരം, 1015.61m2 മാത്രമാണ്.എന്നാൽ,അധിക നിലയുടെ വിസ്തീർണ്ണവും കൂടി പരിഗണിച്ചാൽ ഇത് 152.1m2 (ഏറ്റവും കുറഞ്ഞ അളവ് അംഗീകരിച്ചാൽ പോലും) കൂടി വർദ്ധിച്ച് ആകെ 1167.61m2 ആകുമെന്ന് പ്ലാനിൽ നിന്ന് തന്നെ വ്യക്തമാണ്. ഈ അധിക നിർമ്മാണത്തിന്റെ പെർമിറ്റ് ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ലെന്ന് മാത്രമല്ല വസ്തുനികുതി നിർണയിച്ചെങ്കിൽ ലഭിക്കുമായിരുന്ന വരുമാനത്തിലുള്ള നഷ്ടം എന്നേയ്ക്കും തുടരുകയും ചെയ്യുന്നു.

പെർമിറ്റ്/എൻ.ഒ.സി. നേടി നിർമ്മിച്ച കെട്ടിടത്തിന്, ബാധകമായ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ എല്ലാം പൂർണമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രമാണ് ഒക്യുപൻസി നൽകേണ്ടത്. എന്നാൽ ഒക്യുപൻസി ലഭിച്ച കെട്ടിടത്തിൽ കണ്ടെത്തിയ ചട്ടലംഘനങ്ങൾ ചുവടെ ചേർക്കുന്നു.

<u>ചട്ടം **27** (തുറസ്സായ സ്ഥലങ്ങൾ)</u>

ചട്ടത്തിൽ അനുശാസിക്കും പ്രകാരമുള്ള തുറസ്സായ സ്ഥലങ്ങൾ പ്ലാനിൽ കാണിക്കുന്നുണ്ടെങ്കിലും നിർമ്മാണവേളയിൽ ഇത് ഒഴിവാക്കിയിരിക്കുന്നു. തുറസ്സായ സ്ഥലം കെട്ടിടത്തിന്റെ പ്രയോജനത്തിനായി മാത്രം നീക്കിവയ്ക്കേണ്ടതും അന്തരീക്ഷത്തിലേയ്ക്ക് തുറന്നിരിക്കേണ്ടതും കെട്ടിടം പൊളിച്ചുകളയുന്നതുവരെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് ഈ സ്ഥലം മുക്തമായിരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ലംഘിച്ച് അവിടെയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നു.

<u>ചട്ടം **38** (പാർക്കിംഗ്)</u>

ചട്ടപ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യങ്ങളോടുകൂടി വ്യവസ്ഥ ചെയ്തിട്ടുള്ള തെരുവ് വിട്ടുള്ള മതിയായ പാർക്കിംഗ് സ്ഥലം ഒരുക്കിയിട്ടില്ല. 12 കാർ പാർക്കിംഗാണ് നിലവിൽ സ്ഥത്തുള്ളത്. പുതിയ പെർമിറ്റിലെ പ്ലാനിൽ സൂചിപ്പിക്കുന്ന അധിക നിർമ്മിതി (476.06m2)യ്ക്ക് ബാധകമായ പാർക്കിംഗ് സ്ഥലം മാത്രമാണത്. ആയത് ഇരുചക്രവാഹന പാർക്കിംഗ് ഉൾപ്പെടെ, കാറ്റഗറി 2 ഗ്രാമപഞ്ചായത്തിന്റെ സംഗതിയിൽ, പര്യാപ്തമാണ്. എന്നാൽ പ്ലാനിൽ കാണിച്ചിരിക്കുന്ന നിലവിലുള്ള 5 നില കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയായുടെ (പ്ലാൻ പ്രകാരം 1015.61m2 യഥാർത്ഥത്തിൽ അതിലുമധികം) കാർപെറ്റ് ഏരിയായ്ക്ക് ആവശ്യമുള്ള പാർക്കിംഗ് സൗകര്യത്തെപ്പറ്റി യാതൊന്നും സൂചിപ്പിക്കുന്നില്ല. മുമ്പ് അനുവദിച്ച ഒക്യുപൻസിക്കും ഇതേ കാർ പാർക്കിംഗ് രേഖാചിത്രം തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാർ പാർക്കിംഗ് സൗകര്യത്തിലുള്ള ഗണ്യമായ ഈ കുറവ് പരിഹരിച്ചതിന് ശേഷം മാത്രം പെർമിറ്റ് അനുവദിക്കുന്നതിന് സാങ്കേതിക ശുപാർശ നല്കേണ്ടിയിരുന്ന അസി. എഞ്ചിനീയർ അപ്രകാരം ചെയ്യാതിരുന്നത് ചട്ടലംഘനമാണ്. നിലവിലുള്ള അഞ്ചുനില കെട്ടിടത്തിനും 7/16ൽ ഒക്യുപൻസി നൽകിയ 411ന് വിസ്തീർണ്ണമുള്ള അനുബന്ധ കെട്ടിടത്തിനും ആവശ്യമായ പാർക്കിംഗ് (കാർ, ഇരുചക്ര വാഹനം) സൗകര്യം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം കുറവുള്ള പാർക്കിംഗിന് ബാധകമായ ഫീസ് ഗവൺമെന്റിൽ ഒടുക്ക് വരുത്തി ക്രമവൽക്കരിക്കേണ്ടതാണ്.

<u>ചട്ടം **47** (അഗ്നിരക്ഷാ കോണിപ്പടി)</u>

ഭൂനിരപ്പിന് മുകളിൽ രണ്ട് നിലകളിൽ കൂടുതലുള്ള പാർപ്പിടാവശ്യ ഗണത്തിൽ പ്പെടാത്ത മറ്റ് കെട്ടിടങ്ങൾക്ക് അഗ്നിരക്ഷാ കോണിപ്പടി സ്ഥാപിക്കേണ്ടതാണെന്നും ആയത് കെട്ടിടത്തിന് പുറത്ത് മാത്രം നിർമ്മിച്ച് നേരെ ഭൂമിയിലേക്ക് ബന്ധിപ്പിക്കേണ്ടതാണെന്നുമുള്ള ചട്ടത്തിലെ പ്രധാനവ്യവസ്ഥകൾ പാലിച്ചിട്ടില്ല.

<u>ചട്ടം **55(4)** (ഫയർ അനുമതി സാക്ഷ്യപത്രം)</u>

സൂചിത ചട്ടപ്രകാരം ഭൂനിരപ്പിൽ നിന്നും മൂന്ന് നില കവിയുന്ന കെട്ടിടങ്ങളുടെ സംഗതിയിൽ അഗ്നി ശമനസേനാ ഡയറക്ടറിൽ നിന്നോ, അദ്ദേഹം ഇതിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരത്തിന്റെ ഒരു സാക്ഷ്യപത്രം കെട്ടിട നിർമ്മാണ പെർമ്മിറ്റ് ലഭിക്കുന്നതിന് വാങ്ങി ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുണ്ടെന്നും സാങ്കേതികത്വങ്ങൾ സംബന്ധിച്ചുള്ള ചില

ഇളവുകൾ അനുവദിക്കാമെങ്കിലും പാർക്കിംഗ്, അഗ്നിസുരക്ഷ തുടങ്ങിയ നിർബന്ധ വ്യവസ്ഥകളിൽ വരുത്താനുദ്ദേശിച്ചുള്ളതല്ല ഈ ഇളവുകൾ എന്നും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് (John V. State of Kerala-2004) നിലനിൽക്കുമ്പോഴാണ് ഈ ചട്ടലംഘനങ്ങൾ നടക്കുന്നത് .

പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി സ്ഥലപരിശോധന നടത്തി, അപാകതകൾ അല്ലെങ്കിൽ ചട്ടലംഘനങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിച്ചുവെന്ന് ഉറപ്പാക്കി മാത്രമാണ് അസി. എഞ്ചിനീയർ സാങ്കേതിക ശുപാർശ നല്കേണ്ടത്. ആയതിന് വിരുദ്ധമായി അപാകതകളില്ലയെന്ന ശുപാർശ നല്കി 25-06-2016-ലും 25-02-2017-ലും ഒരു സ്ഥാപനത്തിന് തന്നെ തെറ്റായ പെർമിറ്റുകൾ അനുവദിപ്പിച്ച അസി. എഞ്ചിനീയറുടെ നടപടി ശരിയല്ല.

അനധികൃത നിർമ്മാണങ്ങളും ജോലികളും കണ്ടുപിടിക്കുകയും തടയുകയും ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കുണ്ടെന്ന് ചട്ടം 134-ൽ വ്യക്തമാക്കുന്നുണ്ട്. അനധികൃതമാകുന്ന സംഗതിയിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20-ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് 134 മുതൽ 138 വരെയുള്ള ചട്ടങ്ങൾ പ്രകാരം നിർമ്മാണം ക്രമവത്കരിക്കുന്നതിനോ/പൊളിച്ചുകളയുവാനോ വേണ്ട നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതായിരുന്നു. അപ്രകാരം യാതൊരു നടപടിയും സ്വീകരിക്കാതെ കെട്ടിട ഉടമകൾക്ക് അനുകൂലമായി പ്രവർത്തിക്കുകയാണ് അക്കാലത്തെ സെക്രട്ടറി ചെയ്തത്. കൃത്യനിർവ്വഹണത്തിലെ ഈ ഗുരുതര വീഴ്ച വഴി, കെട്ടിട നിർമ്മാണ പെർമിറ്റ് ഇനത്തിലും വസ്തു നികുതി ഇനത്തിലുമുള്ള വരുമാന നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്. ഗണ്യമായ തുകയാണ് പഞ്ചായത്തിന് നഷ്ടമായത്. അധിക നിർമ്മിതി ക്രമവത്ക്കരിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിലുള്ള നഷ്ടം ഇപ്പോഴും തുടരുന്നു. നിലവിൽ ഒക്യുപൻസി നൽകിയിരിക്കുന്ന കെട്ടിട ഭാഗങ്ങൾ പൂർണ്ണമായി അളന്ന് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

സൂചിത പെർമിറ്റുകളും ഒക്യുപൻസിയും അനുവദിച്ചതിൽ വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 2-7 ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റ് അനുവദിച്ചിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 47(ബി) പ്രകാരം ഭൂനിരപ്പിന് മുകളിൽ രണ്ട് നിലകളിൽ കൂടുതലുള്ള പാർപ്പിടേതര ഗണത്തിൽപ്പെട്ട(ഗ്രൂപ്പ് A1 ഒഴികെയുള്ള) എല്ലാ കെട്ടിടങ്ങൾക്കും അഗ്നി ബാധയിൽ നിന്നു രക്ഷപെടാനുള്ള കോണിപ്പടി നിർബന്ധമാക്കിയിട്ടുണ്ട്. ആയത് കെട്ടിടത്തിന് പുറത്ത് മാത്രം സ്ഥാപിക്കേണ്ടതും നിലത്തേയ്ക്ക് നേരിട്ട് ബന്ധിക്കപ്പെട്ടതായിരിക്കേണ്ടതുമാണ് എന്ന് പ്രസ്തുത ചട്ടത്തിൽ സൂചിപ്പിക്കുന്നുണ്ട്.

എന്നാൽ താഴെ വിശദമാക്കിയിരിക്കുന്ന കെട്ടിടങ്ങൾക്ക് മേൽ ചട്ടത്തിന് വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് നല്കിയിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | പേര്/പെർമിറ്റ് നം | ഭൂനിരപ്പിന് മുകളിലുള്ള നിലകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | സെയ്ത് അബൂതാഹിർ<br>B3-125/1277/2015-16 തീയതി. | 3 | |

| | | | |
|---|---|---|---|
| | 04.03.2016 | | |
| 2 | ടോം തോമസ് ഫിലോമിനാ തോമസ്<br>B3-123/2487/2014-15 തീയതി. 07.11.2016 | 3 | |
| 3 | ഗീതാ ബാബു<br>B3-143/2124/2015-16 തീയതി. 27.05.2016 | 3 | കാറ്റഗറി 1 ഗ്രാമപഞ്ചായത്തിന് നിഷ്കർഷിച്ചിരിക്കുന്ന കാർ പാർക്കിംഗ് (ചട്ടം 38[2] പട്ടിക 4B), ഇരുചക്ര വാഹന പാർക്കിംഗ് (ചട്ടം 38[4]) സൗകര്യങ്ങൾ സ്ഥലത്ത് ഉറപ്പാക്കിയിട്ടില്ല |
| 4 | മുഹമ്മദ് കുഞ്ഞ് ഹുറൈഷി<br>B3-125/1982/2016-17 തീയതി. 17.04.2017 | 3 | - |

ചട്ടം 58(12) പ്രകാരം ഭൂനിരപ്പിൽ നിന്നും രണ്ടു നില കവിയുന്ന പാർക്കിംഗ് കെട്ടിടങ്ങളൊഴികെയുള്ള കച്ചവട, വാണിജ്യ, ഒക്യുപൻസിയിലെ കെട്ടിടങ്ങളുടെ സംഗതിയിൽ അഗ്നി ശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം ഇതിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരത്തിന്റെ ഒരു സാക്ഷ്യപത്രം കെട്ടിട നിർമ്മാണ പെർമ്മിറ്റ് ലഭിക്കുന്നതിന് വാങ്ങി ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താഴെ ചേർത്തിരിക്കുന്ന കെട്ടിടത്തിന് മേൽ ചട്ടത്തിന് വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് നല്കിയിരിക്കുന്നതായി കാണുന്നു.

| പേര്/പെർമിറ്റ് നം. | ഭൂനിരപ്പിന് മുകളിലുള്ള നിലകളുടെ എണ്ണം | പ്ലാൻ പ്രകാരം ഉപയോഗ ക്രമം |
|---|---|---|
| എം.എസ്. വാസു,<br>B5-94/194/2016-17 തീയതി. 17.02.2017 | 3 | F-വാണിജ്യം |

ചട്ടങ്ങൾക്ക് വിരുദ്ധമായി അനുവദിച്ച പെർമിറ്റുകൾ അടിയന്തിരമായി റദ്ദാക്കി ചട്ടങ്ങൾക്ക് അനുസൃതമാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുമ്പോൾ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 ആംബുലൻസ് - വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല

പഞ്ചായത്ത് വക ആബുലൻസിന്റെ ലോഗ് ബുക്ക് 06.04.2015ന് ശേഷം എഴുതിയിട്ടില്ല. ആബുലൻസ് ഓടുന്നുണ്ടെന്നാണ് അന്വേഷണത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞത്. ആബുലൻസിന്റെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നില്ല. ഇക്കാര്യത്തിലേയ്ക്ക് അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 ചട്ടലംഘനമുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി നല്കി

ഭൗതിക പരിശോധന നടത്തി മാത്രം ലഭ്യമാക്കേണ്ട സാങ്കേതികോപദേശം സ്വീകരിക്കാതെ നികുതി നിർണയത്തിന് വേണ്ടി ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് നമ്പരിട്ട് ഒക്യുപൻസി നല്കുന്ന രീതിയാണ് സെക്രട്ടറി സ്വീകരിച്ചത്.

ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് ചട്ടലംഘനമുണ്ടായിട്ടും തൻവർഷം ഒക്യുപൻസി നല്കിയതായി കാണുന്നു.

| പേര് | നല്കിയ കെട്ടിട നം. | ഭൂനിരപ്പിന് മുകളിലുള്ള നിലകൾ | പ്ലാൻ പ്രകാരം ഉപയോഗ ക്രമം | അപാകതകൾ | |
|---|---|---|---|---|---|
| ജയൻ എം. തോമസ് | VIII/785, 786 | 3 | F-വാണിജ്യം | 1. | പെർമിറ്റില്ലാതെ ഒരു നില അധികം പണിതിരിക്കുന്നു |
| | | | | 2. | അഗ്നിരക്ഷാ കോണിപ്പടി സജ്ജീകരിച്ചിട്ടില്ല. (ചട്ടം 47 (ബി) |
| | | | | 3. | ഫയർ അനുമതി സാക്ഷ്യപത്രം ഇല്ല. ചട്ടം 58 (12)] |
| | | | | 4. | കാർ പാർക്കിംഗ് സൗകര്യത്തിന്റെ അപര്യാപ്തത (അഞ്ചെണ്ണം വേണ്ടിടത്ത് മൂന്നെണ്ണം മാത്രം) |
| ശോശാമ്മ രാജു | | 3 | F-വാണിജ്യം, A2-ലോഡ്ജിംഗ് | 1. | അഗ്നിരക്ഷാ കോണിപ്പടി സജ്ജീകരിച്ചിട്ടില്ല. (ചട്ടം 47 (ബി) |
| | | | | 2. | ഫയർ അനുമതി സാക്ഷ്യപത്രം ഇല്ല. ചട്ടം 58 (12)] |
| | | | | 3. | കംപ്ലീഷൻ പ്ലാനിൽ കാണിക്കുന്ന കവറേജ്(51%) തെറ്റാണ്. ലഭ്യമായ സ്ഥലം പൂർണമായിത്തന്നെ ഉൾക്കൊള്ളുന്ന രീതിയിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.കവറേജ് കൂടി വരുമ്പോൾ F.A.R-ൽ വർദ്ധനവ് ഉണ്ടാകും. F.A.R-ന്റെ അധിക ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിരിക്കുന്നു |
| | | | | 4. | കാർ പാർക്കിംഗ് സൗകര്യത്തിന്റെ അപര്യാപ്തത |

| | | |
|---|---|---|
| | | (ഒൻപതെണ്ണം വേണ്ടിടത്ത് മൂന്നെണ്ണം മാത്രം) |

മേൽസൂചിത ചട്ടലംഘനങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കാർ പാർക്കിംഗ്, കവറേജ്, F.A.R. എന്നിവയുടെ ചട്ടലംഘനങ്ങൾ, 2014-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (റഗുലറൈസേഷൻ ഓഫ് അൺഓതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങൾക്കനുസൃതമായി ക്രമവത്കരിക്കേണ്ടതാണ്.പരിഹരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**************************

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി വിവാഹ ധനസഹായം നൽകിയത് സംബന്ധിച്ച് - നഷ്ടം ₹50,000/-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 71/16-17 വിവാഹ ധനസഹായം (പട്ടികജാതി) |
| അടങ്കൽ തുക | ₹10,00,000/- |
| ബിൽ നമ്പർ/തീയതി/തുക | 25/16-17, തീ. 22.12.2016, ₹1,00,000/- |
| ഡി.ഡി. നമ്പർ/തീയതി | 860704/13.02.2017 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം ഉദയരാണി. പി. D/o പഴനിസാമി, കുരിശുമലപുതുവൽ, ചെങ്കര. പി.ഒ എന്നയാൾക്ക് പ്രസ്തുത ബില്ല് പ്രകാരം പിൻവലിച്ച തുകയിൽ നിന്നും ₹50,000/- നൽകിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ./തീയതി.11.01.2016 സബ്സിഡി പൊതു വിഷയം ഖ.6.5ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായത്തിന് വിവാഹത്തിന് 15 ദിവസത്തിന് മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണമെന്നും സ.ഉ.(സാധാ)നം.2037/2016/ത.സ്വ.ഭ.വ./ തീ.30.06.2016 (ക്രമ നമ്പർ-18) പ്രകാരം എസ്.സി. വിഭാഗത്തിന്റെ വിവാഹ ധനസഹായം വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷിക്കുന്നവർക്കും നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിരിക്കെ, 22.03.2015ൽ വിവാഹം കഴിഞ്ഞ ഉദയരാണി പി. D/o പഴനിസാമി എന്നയാൾക്ക് 14.11.2016(എ-5/1045)ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ

13.02.2017ൽ ₹50,000/- ധനസഹായം നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും ധനസഹായത്തിന് നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചോയെന്ന് പരിശോധിച്ച് പരിഗണിക്കാവുന്നതാണെന്ന പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന് (21.11.2016/തീരുമാന നമ്പർ. 22) വിരുദ്ധമായും വിവാഹ ധനസഹായം നൽകിയത് അംഗീകരിക്കുന്നതല്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നൽകിയ ധനസഹായം തിരിച്ചടയ്ക്കേണ്ടതാണ്.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ അധിക തുക നൽകിയത് - നഷ്ടം ₹10,000/- തടസ്സം - ₹1,51,000/-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പ്രോജക്റ്റ് | 44/16-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | ₹4,00,000/- |
| ബിൽ നമ്പർ/തീയതി/തുക | 09/16-17/തീ.27.10.2016. ₹4,00,000/- |
| ഡി.ഡി. നമ്പർ/തീയതി | 860615/28.10.2016 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ഫർണിച്ചർ വാങ്ങി നൽകുന്നതിനായി (100 ടേബിളും ചെയറും) ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിനായി ലഭ്യമായ 4 ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പവ്വർ ഇലക്ട്രിക്കൽസ് & ഇന്റീരിയൽ ഡെക്കറേറ്റേഴ്സ്, നാരങ്ങാനം എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ഫർണിച്ചർ നൽകുന്നതിനായി പ്രസ്തുത ബില്ല് പ്രകാരം പിൻവലിച്ച ₹4,00,000/- നൽകുകയും ചെയ്തു. ടെണ്ടറിൽ രേഖപ്പെടുത്തിയ ഫർണിച്ചർ, അതിന്റെ വില വിവരങ്ങൾ എന്നിവ ചുവടെ കൊടുക്കുന്നു.

| ഇനം | വില ₹ |
|---|---|
| Steel table 4x2 with novapan top one side draw and cup board 20 guage tata white sheet chemical treated branded lock and key | 2,490 |
| Steel table 3x2 with novapan top one side draw and cup board 20 guage tata white sheet chemical treated branded lock and key | 2,390 |
| Steel chair with armrest s.s.round pipe chair seat and back cushion | 1,589 |

ഇതിൽ ഇനം (1) പ്രകാരമുള്ള 4x2 സ്റ്റീൽ ടേബിളുകൾ, എസ്. എസ്. സ്റ്റീൽ ചെയർ എന്നിവ വിതരണം ചെയ്യുന്നതിനാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്. എന്നാൽ 09.10.2016ൽ താഴെ പറയുന്ന സ്പെസിഫിക്കേഷനുകളിലുള്ള ഉപകരണങ്ങളാണ് പ്രസ്തുത സ്ഥാപനം വിതരണം ചെയ്തത് (ബിൽ നം. 121). വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വില /piece |
|---|---|

| | |
|---|---|
| Steel table 3x2 | ₹2,390 |
| Steel arm chair cusion | ₹1,510 |

പദ്ധതി നടത്തിപ്പിൽ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് നിർദ്ദേശിച്ച ₹2,490/- വിലയുള്ള 4x2 സ്റ്റീൽ ടേബിൾ വിതരണം ചെയ്യുന്നതിന് പകരം ₹2,390/- വിലയുള്ള 3x2 സ്റ്റീൽ ടേബിളാണ് ബില്ല് പ്രകാരം (ബിൽ.നം.121/ തീ.19.10.2016) വിതരണം ചെയ്തിരിക്കുന്നത്. നേരിട്ടുള്ള പരിശോധനയിലും (ഗവ.ഹൈസ്കൂൾ, കുമളി) ഈ ഇനം തന്നെയാണ് വിതരണം ചെയ്തിരിക്കുന്നത്. ഇത് മൂലം പഞ്ചായത്തിന് താഴെ പറയും പ്രകാരം ₹10,000/-യുടെ അധിക ചെലവ് വന്നിട്ടുണ്ട്.

| ക്രമ നം. | ഇനം | ക്വോട്ടേഷൻ പ്രകാരമുള്ള തുക ₹ | ഫർണിച്ചർ (എണ്ണം) | നൽകാവുന്ന തുക ₹ | നൽകിയ തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|
| 1 | 3x2 സ്റ്റീൽ ടേബിൾ | 2390 | 100 | 2,39,000 | 2,49,000 | 10,000 |
| ആകെ | | | | | | 10,000 |

2. അധികം നൽകിയ തുക ₹10,000/-തിരിച്ചടയ്ക്കേണ്ടതാണ്.

3. ഈ പദ്ധതിക്കായി അംഗികരിച്ച ടെണ്ടറിൽ ഇനം. 2പ്രകാരം ₹1,589/- വിലയുള്ള സ്റ്റെയിൻലസ് സ്റ്റീൽ ചെയർ (എസ്.എസ് with arm rest) വാങ്ങുന്നതിന് തീരുമാനിക്കുകയും ഈ ഇനം ₹1,510/-ൽ പരിമിതപ്പെടുത്തി മേൽ സൂചിത ബിൽ പ്രകാരം വാങ്ങുകയും ചെയ്തു. എന്നാൽ നെഗോഷിയേഷൻ നടത്തി വാങ്ങാമെന്ന് പ്രോക്യുർമെന്റ് കമ്മറ്റി തീരുമാനിക്കുകയോ പ്രസ്തുത സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തുകയോ ചെയ്തിട്ടില്ല.

4. വിതരണം ചെയ്ത ഫർണിച്ചറിന്റെ വിവരങ്ങൾ കുമളി ഗവ.ഹൈസ്കൂളിൽ നേരിട്ട് പരിശോധിച്ചപ്പോൾ ആം റെസ്റ്റ് ഇല്ലാത്ത (arm rest) ചെയറാണ് വിതരണം ചെയ്തിരിക്കുന്നത്. ആം റെസ്റ്റ് ഇല്ലാത്ത ചെയറിന് മാർക്കറ്റിൽ താരതമ്യേന വില കുറവാണ്. വിതരണം ചെയ്ത ഫർണിച്ചർ പരിശോധിക്കാതെയാണ് തുക നൽകിയിരിക്കുന്നത്. വില കുറഞ്ഞ ചെയറിന് അധിക വില നൽകിയ ഇനത്തിൽ ചെലവായ തുക ₹1,51,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ക്ലാർക്കിനെ അനുവദിച്ചത് അംഗീകരിക്കുന്നില്ല

| വൗച്ചർ നമ്പർ/തീയതി | തുക ₹ |
|---|---|
| 21600964/12.01.2017 | 16,875 |

| | |
|---|---|
| | |
| 21601006/02.02.2017 | 6,075 |

നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ സഹായിക്കുന്നതിനായി ദിവസ വേതനം ഇനത്തിൽ ( ₹675/-) ഒരു ക്ലാർക്കിനെ നിയമിക്കുകയും മേൽ സൂചിത വൗച്ചർ പ്രകാരം ₹22,950/- സുമ ബിജു എന്നയാൾക്ക് മസ്റ്റർ റോൾ പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് ക്ലാർക്കിനെ നിയമിക്കാൻ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് അധികാരമില്ലാത്തതിനാൽ വേതനം ഇനത്തിൽ നൽകിയ ₹22,950/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 69/16-17. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | ₹4,00,000/- |
| ബിൽ നമ്പർ/തീയതി/തുക | 45/16-17/16.03.2017. ₹3,96,550/- |
| ഡി.ഡി. നമ്പർ/തീയതി | 860790/17.03.2017 |

2. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 70/16-17. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ തുക | ₹2,00,000/- |
| ബിൽ നമ്പർ/തീയതി/തുക | 46/16-17/16.03.2017. ₹1,96,350/- |
| ഡി.ഡി. നമ്പർ/തീയതി | 860789/17.03.2017 |

ക്രമ നമ്പർ 1 പ്രകാരമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതിക്കായി 103 ഫർണിച്ചർ സെറ്റും (1സെറ്റ് = 1സ്റ്റീൽ ടേബിൾ, 1സ്റ്റെയിൻലസ് സ്റ്റീൽ ചെയർ) ക്രമ നമ്പർ 2 പ്രകാരമുള്ള പട്ടികവർഗ

വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ എന്നി പദ്ധതികൾക്കായി 51 ഫർണിച്ചർ സെറ്റും (1സെറ്റ് = 1സ്റ്റീൽ ടേബിൾ, 1സ്റ്റെയിൻലസ് സ്റ്റീൽ ചെയർ) ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത നസറത്ത് ട്രേഡേഴ്സ്, വണ്ടിപ്പെരിയാറിൽ നിന്നും Steel table 3x2 powdercoat with one drawer and cup board (20 guage) chair stainlees steel cushion എന്ന സ്പെസിഫിക്കേഷനിൽ വാങ്ങുന്നതിന് തീരുമാനിച്ചു. ഇതിൻപ്രകാരം പ്രസ്തുത സ്ഥാപനം 27.02.2017ൽ ഇൻവോയ്സ് നമ്പർ 076 പ്രകാരം 103 സെറ്റ് ഫർണിച്ചറും ഇൻവോയ്സ് നമ്പർ 077 പ്രകാരം 51 സെറ്റ് ഫർണിച്ചറും വിതരണം ചെയ്തു. എന്നാൽ അംഗീകരിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള stainlees steel cushion chair അല്ല വിതരണം ചെയ്തിരിക്കുന്നത്. പകരം സ്റ്റീൽ ചെയറാണ് നൽകിയിരിക്കുന്നത്. നേരിട്ടുള്ള പരിശോധനയിൽ (ഗവ. ഹൈസ്കൂൾ, കുമളി) ഇത് അറിയുവാൻ സാധിച്ചു. സ്റ്റീൽ ചെയറിന് താരതമ്യേന മാർക്കറ്റിൽ വില കുറവാണെന്നിരിക്കെ, ലഭ്യമാക്കിയ സ്റ്റീൽ ചെയറിന് സ്റ്റെയിൻലസ് സ്റ്റീൽ ചെയറിന്റെ വിലയാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനം നൽകിയിരിക്കുന്ന ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്ന ₹3,850/- 1 സെറ്റ് ഫർണിച്ചറിന്റെതായതിനാൽ (1സ്റ്റീൽ ടേബിൾ, 1സ്റ്റെയിൻലസ് സ്റ്റീൽ ചെയർ) സ്റ്റെയിൻലസ് സ്റ്റീൽ ചെയറിന്റെ വില തിട്ടപ്പെടുത്തുവാൻ സാധിച്ചില്ല.

സ്ഥാപനം സമർപ്പിച്ച് ബില്ല് പ്രകാരമുള്ള വില വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പ ർ | ഇനം | വാങ്ങിയവയുടെ എണ്ണം | വില ₹ |
|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ | 103 | 2,47,379.91 |
| 2 | സ്റ്റീൽ ചെയർ | 103 | 98,951.96 |
| | നികുതി - 14.5% | - | 50,218.13 |
| | | ആകെ | 3,96,550.00 |

| ക്രമ നമ്പർ | ഇനം | വാങ്ങിയവയുടെ എണ്ണം | വില ₹ |
|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ | 51 | 1,22,489.68 |
| 2 | സ്റ്റീൽ ചെയർ | 51 | 48,995.63 |
| | നികുതി - 14.5% | - | 24,865.29 |
| | | ആകെ | 1,96,350.00 |

ഫർണിച്ചർ വാങ്ങുന്നതിനായി മേൽ സൂചിത രണ്ട് പദ്ധതികൾക്കായി ചെലവാക്കിയ ₹5,92,900/- (103 ഫർണിച്ചർ സെറ്റ്

3850x103 = 396550+51ഫർണിച്ചർ സെറ്റ് 3850x51=₹1,96,350/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ അധിക നിരക്ക് വരുന്ന ഇനം ഉൾപ്പെടുത്തി നടപ്പാക്കിയിരിക്കുന്നു

താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ cement concrete pavement with 1:2:4 (1 cement:2 coarse sand:4 graded stone using aggregate 20mm nominal size) including finishing complete എന്ന ഡി.എസ്.ആർ. കോഡ് നം. 11.7 പ്രകാരമുള്ള ഫ്ലോറിംഗിലെ ഇനത്തിന്റെ നിരക്ക് കോസ്റ്റ് ഇൻഡക്സ് 48.57% ഉൾപ്പെടെ ₹7440.40 നൽകി ഫുട്പാത്ത്, റോഡ് എന്നിവയുടെ നിർമ്മാണം നടപ്പാക്കിയിരിക്കുന്നു. ഡി.എസ്.ആർ. കോഡ് നം 4.1.3 പ്രകാരമുള്ള നിരക്കായ ₹4753.29/m3ന്റെ കോസ്റ്റ് ഇൻഡക്സ് 48.57% ഉൾപ്പെടെ 7061.96/m3 ആണ് ഇതിന് അനുവദിക്കാമായിരുന്നത്. ഈ പ്രവൃത്തികളെല്ലാം നടപ്പാക്കിയിരിക്കുന്നത് ഗുണഭോക്തൃസമിതികൾ മുഖേനയാണ്.

| ക്രമ നം. | പ്രോജക്ട് | ബിൽ നം/തുക | അളവ് ബുക്ക് നം/ അളവ് ബുക്കിലെ ഇനം | പ്രവൃത്തിയുടെ അളവ് |
|---|---|---|---|---|
| 1 | നാരായണൻ പൊന്നിപ്പടി നടപ്പാത പ്രോജക്ട് നം.327/16, 40/17 | ബിൽ നം. 6/16-17 തീ. 27.10.16 ₹4,37,187/- | അളവ് ബുക്ക് നം. 22/16-17, 6 | 8.82m3 |
| 2 | രാസാത്തിപ്പടി നടപ്പാത പ്രോജക്ട് നം. 41/17 | ബിൽ നം.5/16-17 തീ. 27.10.16 ₹2,46,441/- | അളവ് ബുക്ക് നം. 21/16-17, 6 | 9.76m3 |
| 3 | ചോറ്റുപാറ മുല്ലയാർ അംബേദ്കർ കോളനി റോഡ് പുനരുദ്ധാരണം പ്രോജക്ട് നം. 33/17 | ബിൽ നം.2/16-17 തീ. 28.09.16 ₹40,000/- | അളവ് ബുക്ക് നം. 1/16-17 3 | 22.79m3 |
| | ആകെ | | | 41.37m3 |

| | |
|---|---|
| അനുവദിച്ച തുക | 4 1.37 x7440.40 = ₹3,07,809.35 |
| ഈ ഇനത്തിന് ആകെ അനുവദിക്കാമായിരുന്ന തുക | 41.37 X 7061.96/m3=₹2,92,153.28 |

| | |
|---|---|
| അധികം നൽകിയതുക | ₹15,656.07 |

അധികം നൽകിയ ₹15,656/-എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ, എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-6 വിവിധ പദ്ധതികളിലെ ഫർണിച്ചർവാങ്ങൽ പദ്ധതികളിലെ അപാകതകൾ

ഫർണിച്ചറുകൾ വാങ്ങുന്നതിനായി സെക്രട്ടറി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിരിക്കുന്നു.

| ക്രമനം | പ്രോജക്ട് നം. | ബിൽ നം/തുക | വാങ്ങിയ ഇനങ്ങളും എണ്ണവും | |
|---|---|---|---|---|
| 1. | ചോറ്റുപാറ ഗവ.എൽ.പി. സ്കൂളിന് ഫർണിച്ചർ 60/17 | 23/16-17 തീ.17.02.2017 ₹44,963/- | സ്റ്റീൽ മേശ | 1 |
| | | | പ്ലാസ്റ്റിക് കസേര കയ്യില്ലാത്തത് | 50 |
| | | | പ്ലാസ്റ്റിക് കസേര കയ്യുള്ളത് | 50 |
| 2. | കൃഷിഭവന് ഫർണിച്ചർ 21/16 | 20/16-17 തീ.17.02.2017 ₹49,294/- | സ്റ്റീൽ മേശ | 4 |
| | | | പ്ലാസ്റ്റിക് കസേര കയ്യില്ലാത്തത് | 50 |
| | | | s-type കസേര കയ്യുള്ളത് | 6 |
| 3. | ആയുർവേദ/ഹോമിയോ/ അലോപ്പതി/സിദ്ധ ആശുപത്രികൾക്ക് ഫർണിച്ചർ 59/17 | 21/16-17 തീ.17.02.2017 ₹1,98,419/- | സ്റ്റീൽ മേശ | 6 |
| | | | പ്ലാസ്റ്റിക് കസേര കയ്യില്ലാത്തത് | 60 |
| | | | പ്ലാസ്റ്റിക് കസേര കയ്യുള്ളത് | 11 |
| | | | എക്സാമിനേഷൻ ടേബിൾ | 4 |
| | | | സ്റ്റീൽ അലമാര | 12 |
| | | | റാക്ക് | 7 |
| | | | സ്റ്റൂൾ | 7 |
| | | | എക്സിക്യൂട്ടീവ് ചെയർ | 6 |
| 4. | പഞ്ചായത്ത് ലൈബ്രറിക്ക് ഫർണിച്ചർ | 22/16-17 തീ.17.02.17 | സ്റ്റീൽ മേശ-4<br>സ്റ്റീൽ അലമാര-2 | |

| | | | | |
|---|---|---|---|---|
| | | ₹99286/- | പ്ലാസ്റ്റിക് കസേര കയ്യില്ലാത്തത്-150<br>റാക്ക്-7 | |

പദ്ധതികളെല്ലാം നടപ്പാക്കിയിരിക്കുന്നത് 'കാഡ്കോ' മുഖേനയാണ്. പദ്ധതികളുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടറിൽ അംഗീകരിച്ച് ഓർഡർ നൽകിയതിൽ നിന്ന് വ്യത്യസ്തമായി വിതരണം നടത്തിയിരിക്കുന്നു.

മേൽ പദ്ധതികളിലെ അംഗീകരിച്ച ടെണ്ടറുകൾ പ്രകാരം വാങ്ങുന്നതിന് ഓർഡർ നൽകിയിരുന്ന ഒരിനം 'നീൽകമൽ CHR-4025' മോഡൽ കയ്യില്ലാത്ത കസേരകളായിരുന്നു. എന്നാൽ നേരിട്ട് നടത്തിയ പരിശോധനയിൽ നിലവാരം കുറഞ്ഞ 'നീൽകമൽ CHR-4015' മോഡൽ കയ്യില്ലാത്ത കസേരകളാണ് വാങ്ങിയിട്ടുള്ളത് എന്നു ബോദ്ധ്യപ്പെട്ടു. ₹418/- നിരക്കിൽ ആകെ വാങ്ങിയ 310 കസേരകൾക്കായി ₹1,29,580/- ചെലവഴിച്ചിരിക്കുന്നു. നിലവാരം കുറഞ്ഞ കസേരകൾ വാങ്ങിയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2. വാങ്ങിയ ഫർണിച്ചറുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.

വിവിധ പദ്ധതികളിലായി വാങ്ങിയ ഫർണിച്ചറുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.

ആകെ വാങ്ങിയ ഫർണിച്ചറുകളുടെ എണ്ണവും വിതരണം നടത്തിയ ഫർണിച്ചറുകളുടെ എണ്ണവും താഴെ ചേർക്കുന്നു.

| ക്രമനം | ഇനം | വാങ്ങിയ എണ്ണം | വിതരണം ചെയ്ത എണ്ണം |
|---|---|---|---|
| 1 | സ്റ്റീൽ മേശ | 15 | 10 |
| 2 | കയ്യില്ലാത്ത പ്ലാസ്റ്റിക് കസേര | 310 | 212 |
| 3 | കയ്യുള്ള പ്ലാസ്റ്റിക് കസേര | 61 | 61 |
| 4 | സ്റ്റീൽ അലമാര | 14 | 11 |
| 5 | റാക്ക് | 11 | 9 |
| 6 | എസ് ടൈപ്പ് ചെയർ | 6 | 6 |
| 7 | എക്സാമിനേഷൻ ടേബിൾ | 4 | 4 |
| 8 | എക്സിക്യൂട്ടിവ് ചെയർ | 6 | 6 |

| | | | |
|---|---|---|---|
| 9 | സ്റ്റൂൾ | 7 | 4 |

3. നിലവാരം കുറഞ്ഞ ഫർണിച്ചറുകൾ വിതരണം നടത്തിയിരിക്കുന്നു

പ്രോജക്ട് പ്രകാരം 18 ഗേജിലുള്ള സ്റ്റീൽ അലമാര, സ്റ്റീൽ മേശ എന്നിവയായിരുന്നു വാങ്ങേണ്ടിയിരുന്നത്. നേരിട്ട് നടത്തിയ പരിശോധനയിൽ സ്റ്റീൽ അലമാര, സ്റ്റീൽ മേശ എക്സാമിനേഷൻ ടേബിൾ എന്നിവ നിലവാരം കുറഞ്ഞവയാണന്ന ബോദ്ധ്യപ്പെട്ടു. സ്റ്റീൽ അലമാര, സ്റ്റീൽ മേശ എന്നിവ കനം കുറഞ്ഞ തകിട് കൊണ്ട് നിർമ്മിച്ചിട്ടുള്ളവയാണ്. ഇതിന്റെ നിലവാരം സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനമുള്ള ഒരു ടീമിനെ കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്.

4. ക്വോട്ട ചെയ്ത ഇനങ്ങളിൽ ഉൾപ്പെടാത്തവ വാങ്ങിയിരിക്കുന്നു

കാഡ്കോ ക്വോട്ട് ചെയ്ത ഇനങ്ങളിൽ തടികൊണ്ട് നിർമ്മിച്ച എക്സാമിനേഷൻ ടേബിൾ, റാക്ക് എന്നിവ ഉൾപ്പെട്ടിരുന്നില്ല.

എന്നാൽ ആയുർവേദ, ഹോമിയോ, അലോപ്പതി, സിദ്ധ ആശുപത്രികൾക്ക് ഫർണിച്ചർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഓർഡർ നൽകി ₹4,325/- നിരക്കിൽ തടികൊണ്ട് നിർമ്മിച്ച നാല് എക്സാമിനേഷൻ ടേബിൾ, 18 ഗേജിന്റെ ₹2,200/- നിരക്കിൽ 7 റാക്കുകൾ എന്നിവ വാങ്ങിയിരിക്കുന്നു. ഇതിനായി യഥാക്രമം ₹17,299/-, ₹75,600 ചെലവഴിച്ചിരിക്കുന്നു. ടെണ്ടർ ക്ഷണിക്കാതെ വാങ്ങിയ ചെലവായതിനാൽ ₹92,899/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 മഴക്കാല പൂർവ്വ ശുചീകരണ രേഖകൾ ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം ₹15,000/- വീതം 19 വാർഡുകളിലേക്കും കൺവീനർക്ക് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകളുടെ വൗച്ചറുകൾ, മറ്റ് അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

തുകകൾ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1 | വൗച്ചർ നമ്പർ തിയതി | തുക ₹ | നൽകിയത് | വാർഡ് |
|---|---|---|---|---|
| 2 | 21600245/17.06.16 | 15,000 | അരുൺ കെ. അമ്പാടി | 12 |
| 3 | 21600244/17.06.16 | 15,000 | മിനി റ്റി. സി. | 13 |
| 4 | 21600289/30.06.16 | 15,000 | റോഷ്നി ആർ. | 1 |
| 5 | 21600288/30.06.16 | 15,000 | സുജ മോൾ എസ്. | 2 |

| | | | | |
|---|---|---|---|---|
| 6 | 21600287/30.06.16 | 15,000 | രമാദേവി | 4 |
| 7 | 21600286/30.06.16 | 15,000 | മോളിക്കുട്ടി ജെ. | 5 |
| 8 | 21600285/30.06.16 | 15,000 | റെസീന ആർ. | 6 |
| 9 | 21600284/30.06.16 | 15,000 | ഉണ്ണി പി. റ്റി. | 7 |
| 10 | 21600283/30.06.16 | 15,000 | ഷൈൻ എം. | 8 |
| 11 | 21600282/30.06.16 | 15,000 | ഷീനമോൾ എസ്. | 9 |
| 12 | 21600281/30.06.16 | 15,000 | കുമാരി കെ. | 10 |
| 13 | 21600280/30.06.16 | 15,000 | അരുൺ കെ. അമ്പാടി | 11 |
| 14 | 21600279/30.06.16 | 15,000 | അഫ്സൽ കെ. എസ്. | 15 |
| 15 | 21600278/30.06.16 | 15,000 | സന്തോഷ് എസ്. | 16 |
| 16 | 21600277/30.06.16 | 15,000 | ഷംന റ്റി. നൈനാർ | 17 |
| 17 | 21600276/30.06.16 | 15,000 | പ്രീത ദേവസ്യ | 18 |
| 18 | 21600275/30.06.16 | 15,000 | ഷംന റ്റി. നൈനാർ | 19 |
| 19 | 21600274/30.06.16 | 15,000 | ഉമ ജി. നായർ | 20 |

രേഖകളുടെ അഭാവത്തിൽ ₹2,85,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 74 ടാപ്പുകൾക്ക് 4/16 മുതൽ 3/17വരെ ₹32,375/- നിരക്കിൽ ₹3,88,500/- ഒടുക്കിയിട്ടുണ്ട്. 74 ടാപ്പുകളിൽ പ്രവർത്തിക്കുന്നവയെത്ര, പ്രവർത്തിക്കാത്തവയെത്ര തുടങ്ങിയവ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. മാത്രമല്ല, വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തുമായി സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.(ആർ.ടി.)2242/2011/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നാളിതുവരെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല. താമസംവിനാ സംയുക്ത പരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16 മാസം മുതൽ 3/17 വരെ ₹74,175/- നിരക്കിൽ ₹8,90,100/- കെ.എസ്.ഇ.ബി.-യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇനം, തരം, ബൾബ്, ട്യൂബ്, സി.എഫ്.എൽ., സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് ലൈറ്റുമായി മെയിന്റനൻസ് എന്ന് 287/16-17 നമ്പരിലുള്ള പ്രോജക്ടിനായി തൻവർഷം ബിൽ നം. 28/16-17/20.03.2017, 38/16-17/30.03.2017 എന്നീ ബില്ലുകൾ പ്രകാരം യഥാക്രമം ₹2.17.080/-, ₹1,51,740/- എന്നിങ്ങനെ ആകെ ₹3,68,820/- ചെലവഴിക്കുകയും വിവിധ വാർഡ് മെമ്പർമാർ സ്ട്രീറ്റ് ലൈറ്റുകൾ മെയിന്റനൻസ് നടത്തിയതായി സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇത് പ്രകാരം ആകെ 402 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മെയിന്റനൻസ് വിവരങ്ങൾ ഫയലിൽ മാത്രം രേഖപ്പെടുത്തി വരികയും തുടർ വർഷങ്ങളിൽ ഈ വിവരം ലഭ്യമല്ലാതെ വരികയും ചെയ്യുന്നു. ആയതിനാൽ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി വിവരങ്ങൾ അടിയന്തിരമായി രേഖപ്പെടുത്തേണ്ടതാണ്.

## 3-10 രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നം./തീയതി | തുക |
|---|---|
| 21600975/21.03.2017 | ₹10,000/- |

08.06.2015ലെ സർക്കാർ ഉത്തരവ് (എം.എസ്)188/2015/തസ്വഭവ. പ്രകാരം ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്കായി പ്രസ്തുത യൂണിറ്റിന്റെ പരിധിയിൽ വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളും ഓരോ വർഷവും ₹10,000/- വീതം നീക്കിവെയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 21.03.2017ൽ നൽകിയ ടി തുകയ്ക്ക് കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല. തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്യേണ്ടതാണെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹10,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല

| വൗച്ചർ നമ്പർ/തീയതി | തുക |
|---|---|

| | |
|---|---|
| 21600986/20.01.2017 | ₹10,000/- |

തൃശ്ശൂരിൽ നടന്ന സംസ്ഥാന സർക്കാരിന്റെ ജനകീയ ആസൂത്രണ പദ്ധതി രണ്ടാം ഘട്ടത്തിന്റെ ഉദ്ഘാടനത്തിന് പ്രസ്തുത സ്റ്റാൾ ഒരുക്കുന്നതിന് ആവശ്യമായ ചെലവിന് അഡ്വാൻസ് ആയി ₹10,000/- പിൻവലിച്ചിട്ടുണ്ട്. ടി തുക ക്രമീകരിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹10,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക ആരാണ് കൈപ്പറ്റിയിട്ടുള്ളതെന്നതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ചില്ലു കുപ്പി വിതരണം ചെയ്യില്ല

സമഗ്ര പൂരക പോഷകാഹാര പരിപാടി എന്ന പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ വില ₹56/-ൽ നിന്ന് ₹70/- ആയി വർദ്ധിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ (നം.(സാധാ)159/2017/തസ്വഭവ/19.01.2017) ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉപഭോക്താക്കൾക്ക് ഓരോ ചില്ലുകുപ്പി വീതം നൽകണമെന്നും അത് ന്യൂട്രിമിക്സ് അടച്ച് സൂക്ഷിക്കാനാണെന്ന് അമ്മമാരെ ബോധവൽക്കരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ജനുവരി 2017 മുതൽ വർദ്ധിപ്പിച്ച നിരക്കിലാണ് ന്യൂട്രിമിക്സ് വാങ്ങുന്നത്. എന്നാൽ കുമളി പഞ്ചായത്തിലെ ന്യൂട്രിമിക്സ് ഉപഭോക്താക്കൾക്ക് ഇപ്രകാരം ചില്ല് കുപ്പി നൽകിയിട്ടില്ല. അടിയന്തിരമായി ന്യൂട്രിമിക്സ് യൂണിറ്റുകളിൽനിന്നും ചില്ല് കുപ്പി ലഭ്യമാക്കി ഉപഭോക്താക്കൾക്ക് നൽകേണ്ടതാണ്.

## 3-13 ജവഹർ ഭവന പദ്ധതി - അപാകതകൾ

1. അർഹതയില്ലാത്തവർക്ക് നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

2015-16 വർഷത്തിൽ ജവഹർ ഭവന നിർമ്മാണ പദ്ധതി പ്രകാരം വാർഡ് VIൽ ശ്രീ. പി. സി. ജേക്കബ്, ചെറുമണ്ണൂർ, നാലാം മൈൽ, അമരാവതി പി. ഒ. എന്നയാൾക്ക് ആദ്യ ഗഡുവായി 03.10.2015ലെ ചെക്ക് നമ്പർ 357931 പ്രകാരം ₹25,000/- നൽകുകയായിരുന്നു. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ സ്ഥല പരിശോധനയിൽ ഈ ഗുണഭോക്താവിന് വാസയോഗ്യമായ ഭവനം ഉണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് മുൻകൂർ നൽകിയ ₹25,000/- തിരികെ അടയ്ക്കുവാൻ 10.05.2016ൽ കത്ത് നൽകിയെങ്കിലും നാളിതുവരെ അടവാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

ഭവന നിർമ്മാണത്തിനായി താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/വിലാസം | ആദ്യ ഗഡു/തുക/ തീയതി | രണ്ടാം ഗഡു/തുക/ തീയതി |
|---|---|---|---|
| 1 | അനുമോൾ ബാബുരാജ്<br>വേളയിൽ, ചെങ്കര പി.ഒ | ₹25,000/-<br>31.10.2015 | -- |
| 2 | ബീന എബ്രഹാം<br>പനങ്ങാട്ട്, ലബ്ബകണ്ടം | ₹25,000/-<br>05.10.2015 | - |
| 3 | സോജൻ ജോസഫ്<br>വരിക്കപ്ലാക്കൽ, ലബ്ബകണ്ടം | ₹25,000/-<br>05.10.2015 | - |
| 4 | സുധ ബിജു<br>തട്ടാംപറമ്പിൽ, ചോറ്റുപാറ | ₹25,000/-<br>03.10.2015 | - |
| 5 | സുരേഷ് വേലായുധൻ<br>പുന്നവേലിയിൽ, വെള്ളാരംകുന്ന് | ₹25,000/-<br>18.12.2015 | ₹50,000/-<br>16.03.2016 |

ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-14 ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

കുമളി ഗ്രാമപഞ്ചായത്തിന്റെ ആശ്രയ പദ്ധതിയുടെ എസ്.ബി.ഐ അക്കൗണ്ട് നം. 57060836962ൽ 31.03.2017ൽ ₹21,63,497/- അവശേഷിക്കുന്നതായി പരിശോധനയിൽ കണ്ടെത്തി. ഭവന നിർമ്മാണം, വീട് പുനരുദ്ധാരണം, കുടിവെള്ള കണക്ഷൻ, വീട് വയറിങ്ങ് എന്നിങ്ങനെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ ധാരാളം ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ ഇത്രയും തുക അക്കൗണ്ടിൽ അവശേഷിക്കുന്നത് വലിയ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. അവശേഷിക്കുന്ന തുക ഉപയോഗിച്ച് പ്രൊജക്ടിൽ വിഭാവനം ചെയ്യുന്ന പ്രവർത്തികൾ എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.

## 3-15 പി.എച്ച്.സി.- പദ്ധതി നടത്തിപ്പിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ വാങ്ങൽ നടത്തിയിരിക്കുന്നതിന്റെ രേഖകൾ മാത്രമാണുള്ളത്. മറ്റ് അവശ്യ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഓരോ പദ്ധതി ചെലവും അതാതിന് നേരെ കൊടുത്തിരിക്കുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| പദ്ധതി/അടങ്കൽ | ബിൽ നം. | തുക ₹ | അപാകതകൾ | |
|---|---|---|---|---|
| മെഡിക്കൽ ഉപകരണങ്ങൾ/ ഫർണീച്ചർ വാങ്ങൽ (306/16-17) | 13/16-17/ 27-03-2017<br>18/16-17/ 31-03-2017 | 1863900<br>99832 | സ്റ്റോക്കിലെടുത്തതിന്റെ/വിതരണത്തിന്റെ വിശദാംശങ്ങൾ ഇല്ല. | |
| അന്ധർക്ക് ലാപ് ടോപ്പ് വിതരണം (122/17) | 16/16-17/ 27-03-2017 | 200000 | 1. | ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഇല്ല. |
| | | | 2. | ഗുണഭോക്തൃ ലിസ്റ്റ് ഇല്ല |
| | | | 3. | ലിസ്റ്റിലെ മുൻഗണനാ ക്രമമനുസരിച്ച് വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്ന രേഖകളില്ല |
| | | | 4. | അംഗീകൃത രീതിയിൽ കരാർ ചമച്ച് ഗുണഭോക്താക്കൾ ലാപ് ടോപ്പ് കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല |
| വികലാംഗർക്ക് വാഹനം (52/16-17) | 7/16-17 /04-03-2017 | 1499940 | 1. | ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഇല്ല.(വികലാംഗത്വം തെളിയിക്കുന്ന രേഖകൾ, 40%-ലേറെ വൈകല്യമുണ്ടെങ്കിലും വാഹനം ഓടിക്കാൻ ശേഷിയുള്ള വ്യക്തിയെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം, ₹50,000/-യിൽ താഴെ വരുമാനമെന്നുള്ള തെളിവ് തുടങ്ങിയവ) |
| | | | 2. | ഗുണഭോക്തൃ ലിസ്റ്റ് ഇല്ല |
| | | | 3. | ലിസ്റ്റിലെ മുൻഗണനാ ക്രമമനുസരിച്ച് വിതരണം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്ന രേഖകളില്ല |
| | | | 4. | അംഗീകൃത രീതിയിൽ കരാർ ചമച്ച് ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല |
| | ആകെ | 3663672 | | |

രേഖകൾ ലഭ്യമെങ്കിൽ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കി ₹36,63,672/-യുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പദ്ധതി | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (125/16-17) |
| അടങ്കൽ | ₹1,50,000/- |
| തുക | 05/15-16/19-12-2016 -150000 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ആയുർവേദം |

സൂചിത തുക പൂർണ്ണമായി അടവാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭിക്കാത്തതിനാൽ ₹1,50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 പദ്ധതി പണം ചെലവഴിക്കുന്നതിലെ അസി.എഞ്ചിനീയറുടെ ഉദാസീനത

തൻവർഷം അസി. എഞ്ചിനീയർ നിർവ്വഹണം നടത്തുന്നതിനായി ₹12,67,24,639/- അടങ്കലിൽ 216 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ₹2,28,97,774/- അടങ്കലിൽ 84 പദ്ധതികൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 18% മാത്രമാണ് പഞ്ചായത്തിലെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് എന്നത് പദ്ധതി നടപ്പാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുരുതരമായ രീതിയിൽ ഉദാസീനത വരുത്തിയത് മൂലമാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാർ അനുവദിക്കുന്ന തുക ചെലവഴിക്കാതെ 78% തുക ലാപ്സായി പോയത് ഭരണസമിതി ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്.

*********************

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കല്ലേപ്പുര കുടിവെള്ള പദ്ധതി | 762080/12.04.2016 | 1,01,590 | - | 1,01,590 |
| കേരളാ വാട്ടർ അതോറിറ്റി | കുഴിക്കണ്ടം കുടിവെള്ള പദ്ധതി | 762079/12.04.2016 | 4,00,000 | - | 4,00,000 |
| -ടി- | കൊല്ലംപട്ടട കുടിവെള്ള പദ്ധതി | 860737/01.03.2017 | 5,00,000 | - | 5,00,000 |
| -ടി- | ഒട്ടകത്തല പോബ്സൺ മേഡ് കുടിവെള്ള പദ്ധതി | 860739/01.03.2017 | 4,95,000 | - | 4,95,000 |
| -ടി- | എസ്.റ്റി കോളനികൾക്ക് കുടിവെള്ള സൗകര്യം | 860734/01.03.2017 | 15,00,000 | - | 15,00,000 |
| -ടി- | കൊല്ലംപട്ടട പൈപ്പ് ലൈൻ നീട്ടൽ | 860736/01.03.2017 | 1,50,000 | - | 1,50,000 |
| -ടി- | വലിയകണ്ടം കുടിവെള്ള പദ്ധതി | 860735/01.03.2017 | 3,00,000 | - | 3,00,000 |
| -ടി- | കുമളി കുടിവെള്ള പദ്ധതി അനുബന്ധ സൗകര്യങ്ങൾ | 860738/01.03.2017 | 5,00,000 | - | 5,00,000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ | 24/16-17/17.02.17 | 9,99,800 | - | 9,99,800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹14,25,91,761/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹14,02,13,137/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹82,950/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹50,85,051/- |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 50000 | ശ്രീ. അനിൽ കുമാർ, അസി. സെക്രട്ടറി |
| 3-2 | | 10000 | - ടി - |
| 3-3 | - | 22950 | ശ്രീ. എം. പി. ശശികുമാർ, സെക്രട്ടറി |
| 3-5 | - | 15656 | ₹7,828/- ശ്രീ. ജോസഫ് തോമസ്, |

| | |
|---|---|
| | അസി.എഞ്ചിനീയർ |
| | ₹7,828/- ശ്രീ. കെ. എം. ഉഷാനന്ദൻ,<br>അസി. എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 151000 | ശ്രീ. അനിൽകുമാർ എസ്. എൽ., അസി. സെക്രട്ടറി |
| 3-4 | 592900 | ശ്രീ. അനിൽകുമാർ എസ്. എൽ., അസി. സെക്രട്ടറി |
| 3-6(1)<br>3-6(2) | 129580<br>92899 | ശ്രീ. എം. പി. ശശികുമാർ, സെക്രട്ടറി |
| 3-7 | 285000 | ശ്രീ. എം. പി. ശശികുമാർ, സെക്രട്ടറി |
| 3-10 | 10000 | ശ്രീ. എം. പി. ശശികുമാർ, സെക്രട്ടറി |
| 3-11 | 10000 | ശ്രീ. എം. പി. ശശികുമാർ, സെക്രട്ടറി |
| 3-15 | 3663672 | ശ്രീ. അജേഷ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| ആകെ | 50,85,051 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| അനിൽ കുമാർ<br>എസ്.എൽ | ജെ. എസ്.<br>കുമളി ഗ്രാപഞ്ചായത്ത് | അഷ്ടപദി, കടയ്ക്കൽ<br>കൊല്ലം ജില്ല |
| ശശികുമാർ എം.പി,<br>സെക്രട്ടറി | അടിത്തുൺ പറ്റി | മുല്ലയ്ക്കൽ, കട്ടപ്പന പി. ഒ. |
| ജോസഫ് തോമസ്<br>അസി. എഞ്ചിനീയർ | - | തെക്കേൽ,നെറ്റിത്തൊഴ,<br>മൈലാട്ടുംപാറ, ഇടുക്കി ജില്ല<br>പിൻ – 685551 |
| കെ. എം. ഉഷാനന്ദൻ<br>അസി. എക്സി.<br>എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ<br>കട്ടപ്പന ബ്ലോക്ക്പഞ്ചായത്ത് | കിഴക്കൻ വീട്,<br>കെ.എസ്.ഇ.ബി.<br>സബ്സ്റ്റേഷന് സമീപം<br>കട്ടപ്പന പി. ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1994-95 | എൽ.എഫ്.ഐ.7-77/96/31.08.1996 | | |
| 1996-97 | എൽ.എഫ്.ഐ.6-202/98/03.10.1998 | | |
| 1997-98 | എൽ.എഫ്.ഐ.6-559/99/30.03.2000 | | |
| 1998-99 | എൽ.എഫ്.ഐ.6-308/2000/31.01.2001 | | |
| 1999-00 | എൽ.എഫ്.ഐ.6-551/01/08.04.2002 | | |
| 2000-01 | എൽ.എഫ്.ഐ.6-120/03/30.06.2003 | | |
| 2001-02 | എൽ.എഫ്.ഐ.6-40/04/06.08.2004 | | |
| 2002-03 | എൽ.എഫ്.ഐ.6-640/05/11.01.2006 | | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.ഐ.6-450/07/04.09.2007 | | |
| 2004-05 | എൽ.എഫ്.ഐ.6-44/08/30.08.2008 | | |
| 2005-06 | എൽ.എഫ്.ഐ.6-1109/08/25.05.2009 | | |
| 2006-07 | എൽ.എഫ്.ഐ.6-922/09/09.07.2010 | | |
| 2007-08 | എൽ.എഫ്.ഐ.8-1265/2011/12.08.201 | | |
| 2008-09 | എൽ.എഫ്.ഐ.8-1045/11/25.01.2012 | | |
| 2009-10 | എൽ.എഫ്.ഐ.8-1045/11/25.01.2012 | | |
| 2010-11 | എൽ.എഫ്.ഐ.8-288/13/10.06.2013 | | |
| 2011-12 | എൽ.എഫ്.ഐ.8-152/14/09.07.2014 | | |
| 2012-13 | എൽ.എഫ്.ഐ. 8-829/2014/10.10.2014 | | |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ.-8/916/15/തീ.12.09.2015 | | |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ.-8/384/16 /തീ.20.05.2016 | | |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ.-8/1366 /16/തീ.15.10.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./ഐഡി.കെ-8/1212/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി. 29.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ജില്ലയിലെ കുമളി ഗ്രാമപഞ്ചായത്തിന്റെ **2016-17**ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA/IDK-8/1212/2017

Kerala State Audit Dept.
District Audit Office

Idukki, Thodupuzha
Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

Dt. 29.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **KUMALY** Grama Panchayat in **Idukki** District for the year ended on **31-03-2017** in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **KUMALY** Grama Panchayath for the year **2016-17** except the observations in My audit report properly presents the picture of income and expenditure .

**DEPUTY DIRECTOR**
**IDUKKI**